**കേരള സർക്കാർ**

സംഗ്രഹം

തദ്ദേശസ്വയംഭരണ വകുപ്പ്- കേരള മുനിസിപ്പൽ കോമൺ സർവ്വീസ് - –തിരുവനന്തപുരം നഗരസഭയിലെ ടൗൺ പ്ലാനിംഗ് വിഭാഗത്തിൽ വിജിലൻസ് വിഭാഗം നടത്തിയ മിന്നൽ പരിശോധന- ജീവനക്കാർക്കെതിരായ അച്ചടക്ക നടപടിയിൽ തുടർനടപടികൾ അവസാനിപ്പിച്ച് - ഉത്തരവ് പുറപ്പെടുവിക്കുന്നു.

---

തദ്ദേശസ്വയംഭരണ (ഇ.യു) വകുപ്പ്

സ.ഉ.(സാധ)നം. 1887/2017/തസ്വഭവ. തീയതി, തിരുവനന്തപുരം, 07.06.2017

---

പരാമർശം : 1. വിജിലൻസ് &ആന്റി കറപ്ഷൻ ബ്യൂറോ ഡയറക്ടറുടെ 29.03.2010 തീയതിയിലെ ഇ 3(വി.ഇ 7/07/പിറ്റിഎ)24171/2007 നം. കത്ത്

2. സർക്കാരിന്റെ 27.01.2016 തീയതിയിലെ കുറ്റാരോപണമെമ്മോ

3. നഗരകാര്യ ഡയറക്ടറുടെ 22.10.2016 തീയതിയിലെ വി1-7257/16 നമ്പർ കത്ത്.

**ഉത്തരവ്**

തിരുവനന്തപുരം നഗരസഭയിലെ ടൗൺ പ്ലാനിംഗ് വിഭാഗത്തിൽ 5.10.2009 ൽ വിജിലൻസ് വിഭാഗം നടത്തിയ മിന്നൽ പരിശോധനയിൽ പ്രസ്തുത ഓഫീസിൽ എകദിന പെർമിറ്റിനുള്ള അപേക്ഷയിൽ നടപടി സ്വീകരിക്കുന്നതിൽ കാലതാമസം വരുത്തിയതായി കണ്ടെത്തുകയും ആയതിന് ഉത്തരവാദികളായി കണ്ടെത്തിയ സെക്ഷൻ ക്ലാർക്കുമാരായ ശ്രീ. എസ്. മോഹനചന്ദ്രൻ നായർ, ശ്രീ. ബി. ശ്രീകണ്ഠൻനായർ, ശ്രീ. എൽ. അജിത് കുമാർ, ശ്രീ. എ.ആർ. മോഹനൻ നായർ എന്നിവർക്കെതിരെ അച്ചടക്ക നടപടി സ്വീകരിക്കാൻ പരാമർശം 1ലെ കത്ത് പ്രകാരം വിജിലൻസ് ഡയറക്ടർ ശുപാർശ ചെയ്തിരുന്നു. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ജീവനക്കാർക്ക് പരാമർശം 2 പ്രകാരം കുറ്റാരോപണ മെമ്മോ നൽകുകയും ആയതിന് ടി ജീവനക്കാർ മറുപടി സമർപ്പിക്കുകയും ചെയ്തു.

2. വിജിലൻസ് പരിശോധനയിൽ കണ്ടെത്തിയ ക്രമക്കേടുകൾ സംബന്ധിച്ച് കൊല്ലം മേഖലാ ജോയിൻറ് ഡയറക്ടറുടെ അന്വേഷണറിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നഗരകാര്യ ഡയറക്ടർ പരാമർശം 3 പ്രകാരം ലഭ്യമാക്കിയ റിപ്പോർട്ടിൽ തിരുവനന്തപുരം കോർപ്പറേഷനിൽ ഏകദിന പെർമിറ്റിനുള്ള അപേക്ഷ എല്ലാ ബുധനാഴ്ച ദിവസങ്ങളിലും രാവിലെ 10 മണി മുതൽ ഉച്ച കഴിഞ്ഞ് 3 മണി വരെ കൗണ്ടറിൽ ബന്ധപ്പെട്ട ഓവർസീയർമാർ നേരിൽ സ്വീകരിച്ച് പ്ലാനും മറ്റ് രേഖകളും പരിശോധിച്ച് റിപ്പോർട്ട് എഴുതി

ബന്ധപ്പെട്ട അസിസ്റ്റൻറ് എഞ്ചിനീയർക്ക് നൽകുകയും, അസിസ്റ്റൻറ് എഞ്ചിനീയറുടെ ശുപാർശയോട്ടുകൂടി പെർമിറ്റ് എഴുതുതിന് ബന്ധപ്പെട്ട സെക്ഷനുകളിൽ ഫയൽ നൽകി ബന്ധപ്പെട്ട സെക്ഷൻ ക്ലാർക്കുമാർ ഫയൽപരിശോധിച്ച് ഫീസ് ഒടുക്കിയിട്ടുള്ളത് ഉറപ്പു വരുത്തിയശേഷം പെർമിറ്റ് എഴുതി, അംഗീകാരത്തിനായി അസിസ്റ്റൻറ് എഞ്ചിനീയർക്ക് ഫയൽ സമർപ്പിക്കുകയും അസിസ്റ്റൻറ് എഞ്ചിനീയർ പെർമിറ്റ് ഒപ്പ് വച്ച ശേഷം സെക്ഷനിൽ ലഭ്യമാകുന്ന ഫയൽ ഡെസ്പാച്ച് സെക്ഷനിൽ നൽകി വരുന്ന രീതിയാണ് തിരുവനന്തപുരം കോർപ്പറേഷനിൽ അന്ന് നിലവിലുണ്ടായിരുന്നത് എന്ന് അറിയിച്ചിരിക്കുന്നു.

3. തിരുവനന്തപുരം കോർപ്പറേഷനിൽ ഇ 10 സെക്ഷൻ ക്ലാർക്കായിരു ശ്രീ. എസ്. മോഹനചന്ദ്രൻ നായർ, ടി.എസ്.എൽ/ഇ/231/2009-ാം നമ്പർ ഏകദിന പെർമിറ്റിനുള്ള അപേക്ഷയിൽ 8 ദിവസം കാലതാമസം വരുത്തിയതായി വിജിലൻസ് പരിശോധനയിൽ കണ്ടെത്തിയിരുന്നു എന്നാൽ അന്വേഷണത്തിൽ സെക്ഷൻ ക്ലാർക്ക് എന്ന നിലയ്ക്ക് ശ്രീ. എസ്. മോഹനചന്ദ്രൻ നായർ, ഇക്കാര്യത്തിൽ മന:പൂർവ്വം കാലതാമസം വരുത്തിയിട്ടില്ലായെന്ന് കണ്ടെത്തിയതായും കൊല്ലം മേഖലാ ജോയിൻറ് ഡയറക്ടർ റിപ്പോർട്ട് ചെയ്യുന്നു

4. തിരുവനന്തപുരം കോർപ്പറേഷനിൽ ഇ 9 സെക്ഷൻ ക്ലാർക്കായിരുന്ന ശ്രീ. ബി. ശ്രീകണ്ഠൻ നായർ ഏകദിന പെർമിറ്റിനുള്ള ഇ 10-ടി.എസ്.എൽ /92/09 നമ്പർ ഫയലിൽ 7 ദിവസത്തേയും, ഇ 10-ടി.എസ്.എൽ/93/09 നമ്പർ ഫയലിൽ 2 ദിവസത്തേയും കാലതാമസം വരുത്തിയതായാണ് കണ്ടെത്തിയിരുന്നു.എന്നാൽ എല്ലാ പെർമിറ്റ് ഫയലുകളിലും ക്ലാർക്ക് എന്ന നിലയിൽ ശ്രീ. ബി. ശ്രീകണ്ഠൻ നായർ മന:പൂർവ്വമായ കാലതാമസം വരുത്തിയതായി അന്വേഷണത്തിൽ കാണുവാൻ കഴിഞ്ഞിട്ടില്ല.

5. തിരുവനന്തപുരം കോർപ്പറേഷനിൽ ഇ 5 സെക്ഷൻ ക്ലാർക്കായി ജോലി നോക്കി യിരുന്ന ശ്രീ. അജിത് കുമാർ മെമ്മോയ്ക്ക് നൽകിയ മറുപടി പരിഗണനാർഹമാണെന്നു കാണുന്നതായും ടിയാനെതിരെയുള്ള ആരോപണത്തിൽ അന്വേഷണം നടത്തിയതിൽ നിന്നു സെക്ഷൻ ക്ലാർക്ക് എന്ന നിലയിൽ ടിയാൻ മന:പൂർവം കാലതാമസം വരുത്തിയിട്ടില്ല എന്ന് കണ്ടെത്തുകയുണ്ടായി.

6. തിരുവനന്തപുരം കോർപ്പറേഷനിൽ ഇ 11 സെക്ഷൻ ക്ലാർക്കായിരുന്ന ശ്രീ.കെ. ആർ. മോഹനൻ നായർ ഏകദിന പെർമിറ്റിനായുള്ള ഇ 11/ടി.എസ്.എൽ 67/09 നമ്പർ ഫയലിൽ 9 ദിവസത്തെ കാലതാമസം വരുത്തിയതായാണ് കണ്ടെത്തിയിരുന്നത്. എന്നാൽ സെക്ഷൻ ക്ലാർക്കെന്ന നിലയിൽ പെർമിറ്റ് അയയ്ക്കുന്നതിന് മന:പൂർവമായ കാലതാമസം ടിയാൻറെ ഭാഗത്തു നിന്നും ഉണ്ടായിട്ടില്ലാ എന്ന് അന്വേഷണത്തിൽ കാണുന്നു.

7. മേൽ സാഹചര്യത്തിൽ കൊല്ലം മേഖലാ ജോയിൻറ് ഡയറക്ടറുടെ റിപ്പോർട്ടു പരിഗണിച്ച് ടിയാളുകൾ സെക്ഷൻ ക്ലാർക്കുമാരെന്ന നിലയിൽ മന:പൂർവമല്ലാത്ത കാലതാമസം ഉണ്ടായിട്ടില്ലാത്തതിനാലും ശ്രീ. ശ്രീകണ്ഠൻ നായർ സർവ്വീസിൽ നിന്നും

റിട്ടയർ ചെയ്തിട്ടുള്ളതാണെന്നുള്ള വസ്തുതയും പരിഗണിച്ച് തുടർ നടപടികളിൽ നിന്നും ടിയാളുകളെ ഒഴിവാക്കാവുന്നതാണെന്ന് നഗരകാര്യ ഡയറക്ടർ ശുപാർശ ചെയ്തിരിക്കുന്നു.

8. സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. കുറ്റാരോപണ മെമ്മോയിന്മേലുള്ള ജീവനക്കാരുടെ മറുപടിയും കൊല്ലം മേഖലാ ജോയിന്റ് ഡയറക്ടറുടെ ഇക്കാര്യത്തിലുള്ള അന്വേഷണ റിപ്പോർട്ടും പരിശോധിച്ചതിൽ നിന്നും ജീവനക്കാരുടെ ഭാഗത്തുനിന്നും ഏകദിന പെർമിറ്റിനുള്ള അപേക്ഷകളിൽ നടപടി സ്വീകരിക്കുന്നതിൽ മന:പൂർവമായ വീഴ്ച ഉണ്ടായിട്ടുള്ളതായി കാണുന്നില്ല. ആയതിനാൽ തിരുവനന്തപുരം നഗരസഭയിലെ ടൗൺ പ്ലാനിംഗ് വിഭാഗത്തിലെ സെക്ഷൻ ക്ലാർക്കുമാരായ ശ്രീ. എസ്. മോഹനചന്ദ്രൻ നായർ, ശ്രീ. ബി. ശ്രീകണ്ഠൻനായർ, ശ്രീ. എൽ. അജിത് കുമാർ, ശ്രീ. എ.ആർ. മോഹനൻ നായർ എന്നിവർക്കെതിരെ സ്വീകരിച്ച അച്ചടക്ക നടപടിയിൽ തുടർനടപടികൾ അവസാനിപ്പിച്ച് ഉത്തരവാകുന്നു.

(ഗവർണ്ണറുടെ ഉത്തരവിൻപ്രകാരം)

**ഷിബു എ റ്റി**

**അണ്ടർ സെക്രട്ടറി**

1. നഗരകാര്യ ഡയറക്ടർ, തിരുവനന്തപുരം.
2. ഡയറക്ടർ, ലോക്കൽ ഫണ്ട് ഓഡിറ്റ്, തിരുവനന്തപുരം.
3. ശ്രീ.എസ്.മോഹനചന്ദ്രൻനായർ, സെക്ഷൻ ക്ലാർക്ക്, ടൗൺപ്ലാനിംഗ് വിഭാഗം തിരുവനന്തപുരം നഗരസഭ.
4. ശ്രീ. ബി. ശ്രീകണ്ഠൻനായർ, സെക്ഷൻ ക്ലാർക്ക്, ടൗൺ പ്ലാനിംഗ് വിഭാഗം, തിരുവനന്തപുരം നഗരസഭ
5. ശ്രീ. എൽ. അജിത് കുമാർ, സെക്ഷൻ ക്ലാർക്ക്, ടൗൺ പ്ലാനിംഗ് വിഭാഗം തിരുവനന്തപുരം നഗരസഭ
6. ശ്രീ. എ.ആർ. മോഹനൻ നായർ, സെക്ഷൻ ക്ലാർക്ക്, ടൗൺ പ്ലാനിംഗ് വിഭാഗം തിരുവനന്തപുരം നഗരസഭ.

(3–6: നഗരകാര്യ ഡയറക്ടർ മുഖേന)

7. ഡയറക്ടർ, ഇൻഫർമേഷൻ കേരള മിഷൻ, തിരുവനന്തപുരം
8. കരുതൽ ഫയൽ/ഓഫീസ് കോപ്പി.

ഉത്തരവിൻപ്രകാരം

സെക്ഷൻ ഓഫീസർ